018106
16/6/2020

"ഭരണഭാഷ മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

ധനകാര്യവകുപ്പ്-ജീവനക്കാര്യം-താത്ക്കാലിക ഡിവിഷണൽ അക്കൗണ്ട്സ് ഓഫീസർമാരെ മാതൃവകുപ്പിലേയ്ക്ക് മടക്കി അയച്ചുകൊണ്ട്-ഉത്തരവ് പുറപ്പെടുവിക്കുന്നു.

ധനകാര്യ (എസ്റ്റാബ്ലിഷ് മെന്റ്- ബി) വകുപ്പ്

സ.ഉ(സാധാ)നം. 3606/2020/ധന. തിരുവനന്തപുരം, തീയതി: 15.06.2020.

പരാമർശം:
1. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിയുടെ 13.02.2019 തീയതിയിലെ RIA (3) 8716/13/GW നമ്പർ കത്ത്.
2. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിയുടെ 19.02.2019 തീയതിയിലെ RIA (2) 592/19/GW നമ്പർ കത്ത്.
3. സ.ഉ(സാധാ) നം.3438/19/ധന തീയതി 04.05.2019
4. സ.ഉ(സാധാ) നം.4250/19/ധന തീയതി 05.06.2019
5. സ.ഉ(സാധാ)നം.8646/2016/ധന തീയതി 03.11.2016
6. സ.ഉ(സാധാ)നം.3456/2018/ധന തീയതി 17.04.2018
7. സ.ഉ(സാധാ)നം.7251/2018/ധന തീയതി 29.08.2018
8. സ.ഉ(സാധാ)നം.5270/2019/ധന തീയതി 06.07.2019

16/6/20

## ഉത്തരവ്

കേരള ജനറൽ സർവ്വീസിലെ ഡിവിഷണൽ അക്കൗണ്ട്സ് ഓഫീസർമാരുടെ തസ്തികകൾ എഞ്ചിനീയറിംഗ് വകുപ്പുകളിലെ വിവിധ ഡിവിഷനുകളിൽ ഒഴിഞ്ഞുകിടക്കുന്ന സാഹചര്യത്തിൽ ജലവിഭവ, പൊതുമരാമത്ത്, തദ്ദേശസ്വയംഭരണ, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പുകളിലെ ജൂനിയർ സൂപ്രണ്ടുമാർക്ക് KS&SSR Rule 9(a)(i) പ്രകാരം താത്ക്കാലികമായി ടി ഒഴിവുകളിൽ ഡിവിഷണൽ അക്കൗണ്ട്സ് ഓഫീസർമാരായി പരാമർശം 5,6,7,8 എന്നിവ പ്രകാരം നിയമനം നൽകിയിട്ടുണ്ട്. ഇത്തരത്തിൽ നിയമിക്കപ്പെടുന്നവരുടെ കാലാവധി KPSC മുഖേന ഡിവിഷണൽ അക്കൗണ്ട്സ് ഓഫീസർമാരെ നിയമിക്കുന്നത് വരെയോ/ ടിയാളുകൾക്ക മാതൃ വകുപ്പിൽ സീനിയർ സൂപ്രണ്ട് തസ്തികയിൽ സ്ഥാനക്കയറ്റം കിട്ടുന്നത് വരെയോ ആണ്. നിലവിൽ പരാമർശം 1,2 എന്നിവ പ്രകാരം കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ശുപാർശ ചെയ്യുകയും

പരാമർശം 4 പ്രകാരം കേരള ജനറൽ സർവ്വീസിൽ ഡിവിഷണൽ അക്കൗണ്ട്സ് ഓഫീസർ ട്രെയിനികളായി നിയമിതരാവുകയും ഡിവിഷണൽ അക്കൗണ്ട്സ് ഓഫീസർ തസ്തികയുടെ ഒരു വർഷത്തെ പ്രീ-സർവ്വീസ് ട്രെയിനിംഗ് പൂർത്തീകരിക്കുകയും ചെയ്തിട്ടുള്ള 41 പേർക്ക് നിയമനം നൽകേണ്ട സാഹചര്യം സംജാതമായിരിക്കുന്നതിനാൽ പരാമർശം 5 പ്രകാരം നിയമിതരായ താത്ക്കാലിക ഡിവിഷണൽ അക്കൗണ്ട്സ് ഓഫീസർമാരെ കേരള സ്റ്റേറ്റ് ആൻഡ് സബോർഡിനേറ്റ് സർവ്വീസ് റൂൾസ് ഭാഗം II ചട്ടം 9(a)(iii) പ്രകാരം ടിയാളുകളുടെ മാതൃവകുപ്പിലെ ജൂനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്ക് 16.06.2020 AN പ്രാബല്യത്തിൽ മടക്കി അയച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു. ടി ഉദ്യോഗസ്ഥർ ചാർജ്ജ് വിട്ടൊഴിഞ്ഞതിന്റെ ആർ ടി സി ധനകാര്യ (എസ്റ്റാബ്ലിഷ്മെന്റ്-ബി) വകുപ്പിൽ ലഭ്യമാക്കേണ്ടതാണ്.

| ക്രമ നമ്പർ | താത്ക്കാലിക ഡിവിഷണൽ അക്കൗണ്ട്സ് ഓഫീസർമാരുടെ പേര് | നിലവിൽ ജോലി ചെയ്യുന്ന ഡിവിഷൻ |
|---|---|---|
| 1 | ശ്രീമതി.മഞ്ജുദേവി ടി എം | മൈനർ ഇറിഗേഷൻ ഡിവിഷൻ, തിരുവനന്തപുരം |
| 2 | ശ്രീ.വി. പി മഹേഷ് കുമാർ | കെ ആർ എഫ് ബി, തിരുവനന്തപുരം |
| 3 | ശ്രീ.ജി. ഉണ്ണികൃഷ്ണൻ | പി വി ഐ പി ഡിവിഷൻ നം.I, പെരുമ്പാവൂർ |
| 4 | ശ്രീമതി.സാലി കെ അവറാച്ചൻ | പി ഡബ്ല്യു ഡി (എൻ എച്ച്) ഡിവിഷൻ, മൂവാറ്റുപുഴ. |
| 5 | ശ്രീമതി.ഗീതാകുമാരി പി ബി | ഇറിഗേഷൻ സ്പെഷ്യൽ എൻക്വയറി സെൽ, തിരുവനന്തപുരം |
| 6 | ശ്രീമതി.ഹീര കെ എം | കെ എസ് ടി പി ഫേസ് II ഹൈവേയ്സ്, കണ്ണൂർ. |
| 7 | ശ്രീ.രഘുനാഥൻ ഡി | ഹൈഡ്രോളജി ഡിവിഷൻ, ചെങ്ങന്നൂർ. |

(ഗവർണറുടെ ഉത്തരവിൻപ്രകാരം)

**മിനി. വി. ആർ**

അഡീഷണൽ സെക്രട്ടറി

പകർപ്പ്

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ&ആർ.എസ്.എ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ജി&എസ്.എസ്.എ) കേരള, തിരുവനന്തപുരം.
ചീഫ് എഞ്ചിനീയർ, ജലവിഭവ വകുപ്പ്, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ/ഓഫീസ് പകർപ്പ്.
ഇ ഫയൽ നം.(1511514)

ഉത്തരവിൻ പ്രകാരം

അക്കൗണ്ട്സ് ഓഫീസർ

മേലെഴുതിയ നമ്പർ ജി/1-18106/2020 തീയതി 16/6/2020
സർക്കാർ ഉത്തരവിന്റെ പകർപ്പ് ഇറിഗേഷൻ വെബ്
സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നു. ആഫീസ് തലവൻമാർ ടി
ജീവനക്കാരെ 16.06.2020ന് തന്നെ വിടുതൽ ചെയ്യേണ്ടതാണ്.

ചീഫ് എഞ്ചിനീയർക്ക് വേണ്ടി.

പകർപ്പ്:-
അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ.
ഐ.ടി. സെൽ.